(ഡി) ഓരോ ഘട്ടത്തിലും പങ്കെടുത്ത കൃഷിക്കാരുടെ എണ്ണം എത്ര വീതമാണെന്നും ഇതിലൂടെ എത്ര തൊഴിലവസരങ്ങൾ വീതം സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 5.95 ലക്ഷം ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിച്ചു.

(ബി) ഒന്നാംഘട്ടം 2.3 ലക്ഷം ടൺ രണ്ടാംഘട്ടം 3.65 ലക്ഷം ടൺ.

(സി)

ഒന്നാം ഘട്ടം	620
രണ്ടാം ഘട്ടം	482
ആകെ	**1102**

(ഡി)

കൃഷിക്കാർ		തൊഴിൽ ദിനങ്ങൾ
1-ാം ഘട്ടം	27588	13. 46 ലക്ഷം
2-ാം ഘട്ടം	34821	24 ലക്ഷം
ആകെ	**64409**	**37. 46 ലക്ഷം**

ഊർജ്ജിത പച്ചക്കറി കൃഷി

134 (1189) ശ്രീ. കെ. പ്രകാശ്ബാബു :
ശ്രീ. സി. എൻ. ജയദേവൻ :
പ്രൊഫസർ മീനാക്ഷി തമ്പാൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഊർജ്ജിത പച്ചക്കറി കൃഷിയുടെ മൂന്നാം ഘട്ടം എന്നുമുതലാണ് ആരംഭിക്കുന്നതെന്നു വ്യക്തമാക്കുമോ ;

(ബി) ഈ മൂന്നാംഘട്ടത്തിന്റെ സവിശേഷത എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) മൂന്നാംഘട്ടത്തിൽ ലക്ഷ്യമിട്ടിരിക്കുന്നതെന്താണെന്ന് വിശദമാക്കുമോ ;

ഉത്തരം

(എ) 1999 ഡിസംബർ മുതൽ.

(ബി) കേരളത്തിൽ പ്രത്യേക സീസണുകളിലാണ് ഇപ്പോൾ പച്ചക്കറി കൃഷി നടന്നു വരുന്നത്. പച്ചക്കറിയുൽപ്പാദനം വർദ്ധിപ്പിക്കുവാനുള്ള ഊർജ്ജിത ശ്രമം തുടരുന്നതിനോടൊപ്പം വർഷം മുഴുവൻ പച്ചക്കറിയുൽപ്പാദിപ്പിക്കുവാനുള്ള പദ്ധതി മൂന്നാം ഘട്ടത്തിൽ നടപ്പിലാക്കും.

LIBRARY ARCHIVES Kerala Legislative Assembly

(സി) വർഷം മുഴുവൻ പച്ചക്കറിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഹരിത സംഘങ്ങളുടെ പ്രവർത്തനം ക്രമപ്പെടുത്തുക, നിലവിലുള്ള ഹരിത സംഘങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക. ഹരിത സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സജീവവുമാക്കുന്നതിനുള്ള നിയമനിർമ്മാണം, ബ്ലോക്ക്തല വിപണനകേന്ദ്രങ്ങൾക്ക് പിക്ക് അപ്പ് വാനുകൾ നൽകി പച്ചക്കറി വിപണനം കാര്യക്ഷമമാക്കുക, സ്കൂൾ പച്ചക്കറി പരിപാടി കോളേജ് കാമ്പസ്സുകളിലേക്ക് വ്യാപിപ്പിക്കുക എന്നീ കാര്യങ്ങൾ ലക്ഷ്യമിട്ടിരിക്കുന്നു. എട്ടു ലക്ഷം പച്ചക്കറി അധികമായി ഉൽപ്പാദിപ്പിക്കുവാനും ലക്ഷ്യമിട്ടിട്ടുണ്ട്.

ഹരിത സ്റ്റാളുകൾ

135 (1190) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോർട്ടി കോർപ്പിന്റെ പച്ചക്കറി/ഹരിതസ്റ്റാളുകൾ ആരംഭിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഹരിത/പച്ചക്കറി സ്റ്റാളുകൾ കൂടുതൽ ആരംഭിക്കുന്നതിനും ആരംഭിച്ചവ നിലനിർത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) ഹോർട്ടി കോർപ്പിന്റെ പച്ചക്കറി വിൽപ്പന കേന്ദ്രങ്ങൾ പലതും ഇപ്പോൾ നിർത്തലാക്കിവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വർക്കല നിയോജകമണ്ഡലത്തിലെ ഇടവാ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന പച്ചക്കറി സ്റ്റാൾ നിർത്തലാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ ;

(ഇ) ഇടവയിൽ ഹോർട്ടികോർപ്പിന്റെ പച്ചക്കറി സ്റ്റാൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹോർട്ടികോർപ്പിന്റെ പച്ചക്കറി/ഹരിത സ്റ്റാളുകൾ തുടങ്ങുന്നതിനുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷകർ എസ്.എസ്.എൽ.സി. വരെ പഠിച്ചിരിക്കണം.
2. സസ്യ സൂപ്പർമാർക്കറ്റിന് 200 മുതൽ 400 ചതുരശ്ര അടിവരെയും ഹരിത സ്റ്റാളുകൾക്ക് 150 മുതൽ 200 ചതുരശ്ര അടിവരെയും വിസ്തീർണ്ണമുള്ള കടമുറികൾ അപേക്ഷകർ ലഭ്യമാക്കണം.
3. അപേക്ഷാഫോറം സമർപ്പിക്കുന്ന മുറയ്ക്ക് കട പരിശോധിച്ച് അനുയോജ്യമാണെന്ന് കണ്ടാൽ സ്ക്രീനിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്തു ലൈസൻസികളെ തെരഞ്ഞെടുക്കുന്നതാണ്. ലൈസൻസിയായി തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തി 50 രൂപയുടെ മുദ്രപത്രത്തിൽ ഹോർട്ടികോർപ്പിന്റെ വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ടുള്ള എഗ്രിമെന്റ് ഒപ്പിടേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly